പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2231 **27-10-2026-ൽ മറുപടിയ്ക്ക്**

മാരായമുട്ടം പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. ഹരീന്ദ്രൻ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) മാരായമുട്ടം പോലീസ് സ്റ്റേഷൻ നിലവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നേരിടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമിക്കുന്നതിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥലത്തിന്റെ വിശദാംശങ്ങളും ഇതുമായി ബന്ധപ്പെട്ട തുടർനടപടികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

മറുപടി: മാരായമുട്ടം പോലീസ് സ്റ്റേഷൻ നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നേരിടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ട് പോലീസ് ആസ്ഥാനത്ത് ലഭ്യമായതിൽ, സംസ്ഥാന പോലീസ് മേധാവി തലത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത സ്റ്റേഷന് പുതിയ കെട്ടിടം നിർമിക്കുന്നതിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടില്ലെങ്കിൽ അനുയോജ്യമായ സ്ഥലം വിലയ്ക്കു വാങ്ങി ആഭ്യന്തര വകുപ്പിന്റെ പേരിൽ ഏറ്റെടുക്കുന്നതിനും പ്രസ്തുത സ്ഥലത്ത് പുതിയ കെട്ടിടം നിർമിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) മാരായമുട്ടത്ത് പ്രവർത്തനരഹിതമായി കിടക്കുന്ന ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള ഭൂമി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമിക്കുന്നതിനായി ഏറ്റെടുക്കുന്നതിന് നിയമപരമായ തടസ്സങ്ങളുണ്ടോ; പ്രസ്തുത ഭൂമിയുടെ വിസ്തീർണം, ഉടമസ്ഥാവകാശം, നിലവിലെ നിയമപരമായ സ്ഥിതി, ഭൂമിയുടെ മേലുള്ള ബാധ്യതകൾ എന്നിവയുടെ വിശദാംശം ലഭ്യമാണോ;

മറുപടി: പെരുങ്കടവിളയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പേരിലുണ്ടായിരുന്ന, റീസർവ്വേ നമ്പർ 645/2 ഉൾപ്പെട്ട 27 സെന്റ് ഭൂമി ലോൺ കടിശ്ശിക ഉള്ളതാണ്. അത് ഖാദി ബോർഡിന്റെ കൈവശം ഉള്ളതും പലിശയും പിഴപലിശയും ഉൾപ്പെടെ 11,07,823/- രൂപ കടിശ്ശിക ഇനത്തിൽ വരുന്നതുമാണ്. ടി സ്ഥലത്തിന്റെ കടിശ്ശികയായ 11,07,823/- രൂപ അടവാക്കി പ്രസ്തുത ഭൂമി ലഭ്യമാക്കുന്നതിന് ടി തുക 4055-00-207-92-15 Purchase of Land for Construction Activities എന്ന

ശീർഷകത്തിൽ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് പോലീസ് ആസ്ഥാനത്തു നിന്നും ലഭ്യമായ ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) പ്രസ്തുത സൊസൈറ്റിയുടെ ബാധ്യതകൾ തീർപ്പാക്കി ഭൂമി ആഭ്യന്തര വകുപ്പിന് കൈമാറുന്നതിനും പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി ഏറ്റെടുക്കുന്നതിനും സ്വീകരിക്കേണ്ട നിയമപരവും ഭരണപരവുമായ നടപടികൾ എന്തെല്ലാമാണെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; സൊസൈറ്റിയുടെ ഭൂമി ഏറ്റെടുക്കുന്നതിന് തടസ്സങ്ങളില്ലെങ്കിൽ ആവശ്യമായ നടപടികൾ ഏകോപിപ്പിച്ച് ഭൂമി ആഭ്യന്തര വകുപ്പിന് ലഭ്യമാക്കുന്നതിനും പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ